**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3203** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഇരട്ടപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ഇരട്ടപ്പുഴ ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ നിലവിലുള്ള വാടക കെട്ടിടവും സ്ഥലവും സർക്കാർ ഏറ്റെടുക്കുന്നതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ ഇരട്ടപ്പുഴ ഗവൺമെന്റ് എൽ.പി സ്കൂളിനായി കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് സ്ഥലം ഏറ്റെടുക്കുന്ന നടപടിയുമായി മുന്നോട്ട് പോകുന്നതിന് സർക്കാരിന് എതിർപ്പില്ലായെന്ന വിവരം പ്രസ്തുത ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ ടി സ്കൂളിന്റെ നിലവിലുള്ള വാടക കെട്ടിടവും സ്ഥലവും ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലുള്ള വാടക കെട്ടിടത്തിൽ ഈ സ്കൂൾ പ്രവർത്തിക്കാൻ തുടങ്ങിയത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ; ഏത് വർഷം വരെ വാടക നൽകിയിട്ടുണ്ടെന്നും വാടക നൽകാത്തതിന്റെ കാരണവും വ്യക്തമാക്കാമോ; | (ബി) | 1926 മുതൽ നിലവിലുള്ള വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. കഴിഞ്ഞ നാല് വർഷങ്ങളായി സ്ഥലം ഉടമകൾ വാടക കൈപ്പറ്റിയിട്ടില്ല. പ്രസ്തുത സ്ഥലം തിരിച്ച് വേണമെന്ന ആവശ്യത്തിൽതന്നെ സ്ഥലം ഉടമകൾ ഉറച്ച് നിൽക്കുന്നു. |
| (സി) | സ്കൂൾ കെട്ടിടത്തിന്റെ ഉടമ സ്കൂൾ കെട്ടിടം റിപ്പയർ ചെയ്യാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിന് ഗുരുവായൂർ എം.എൽ.എ. സർക്കാരിന് നൽകിയ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഇതുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ നൽകിയിട്ടുള്ള കത്ത് തുടർ നടപടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും അതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ തുറക്കുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ സ്കൂൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി സ്കൂൾ പ്രഥമാദ്ധ്യാപിക സ്ഥലം ഉടമകൾക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ